**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 170** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കാർഡിയോളജി വിഭാഗത്തിലെ കൺസൾട്ടേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സുധീർഷാ പാലോട് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിൽ കിടത്തിചികിത്സയിൽ കഴിയുന്ന രോഗികൾക്ക് സൗകര്യപ്രദമായിരുന്ന 401 നമ്പർ മുറിയിലെ കൺസൾട്ടേഷൻ നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്നറിയിക്കാമോ ;

**<u>മറുപടി:</u>** തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ വാർഡുകളിൽ വിവിധ സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ അഡ്മിറ്റ് ചെയ്തിരിക്കുന്ന രോഗികൾക്ക് കാർഡിയോളജി കൺസൾട്ടേഷൻ ആവശ്യമായി വരുന്ന സമയം രോഗികൾ റൂം നമ്പർ 401 ൽ നേരിട്ടെത്തി ചികിത്സ തേടുന്ന സംവിധാനമാണ് നിലനിന്നിരുന്നത്. ആശുപത്രിയിലെ എല്ലാ വാർഡുകളിൽ നിന്നുമുള്ള രോഗികൾ ഹൃദയ സംബന്ധമായ പ്രശ്നങ്ങൾക്ക് പരിശോധനയും ശസ്ത്രക്രിയക്ക് മുമ്പ് ഫിറ്റ്നസ് വിലയിരുത്തുന്നതിനും 401-ാം നമ്പർ റൂമിൽ എത്തുമായിരുന്നു. ഇതുമൂലം രോഗികൾക്ക് വളരെയധികം ക്ലേശം അനുഭവിക്കേണ്ടി വരികയും റൂമിനു മുൻപിൽ നിയന്ത്രിക്കാൻ കഴിയാത്ത തിരക്ക് അനുഭവപ്പെടുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുമായിരുന്നു. എന്നാൽ നിലവിൽ അത്തരം രോഗികൾക്ക് വളരെയധികം സൗകര്യപ്രദമാകുന്ന രീതീയിൽ 401-ാം നമ്പർ മുറിയിൽ ഒരു രജിസ്റ്റർ സൂക്ഷിക്കുകയും എല്ലാ കൺസൾട്ടേഷനുകളും ആ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. രോഗികളുടെ അവശതയും ആരോഗ്യവും മാനിച്ച് കാർഡിയോളജി ഡോക്ടർമാർ രോഗികളെ അവരുടെ കിടക്കയിൽ തന്നെ പരിശോധിക്കുന്നു. ആയതിനാൽ രോഗികൾ ആരും 401-ാം നമ്പർ റൂമിൽ ക്യൂ നിൽക്കേണ്ടതില്ല. സർക്കാരിന്റേയും ആശുപത്രിയുടെയും രോഗീസൗഹൃദ സംരംഭങ്ങളുടെ ഭാഗമാണ് ഈ മാറ്റം.

**(ബി)** പ്രസ്തുത സൗകര്യം നിർത്തലാക്കിയത് മൂലം കിടത്തിചികിത്സയിൽ കഴിയുന്ന രോഗികൾക്ക് ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** പ്രസ്തുത മാറ്റം കിടത്തി ചികിത്സയിലുള്ള രോഗികൾക്ക് യാതൊരു ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** 401 നമ്പർ മുറിയിൽ ലഭ്യമായിരുന്ന കാർഡിയോളജി വകുപ്പിന്റെ സേവനം അടിയന്തിരമായി പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോയെന്നറിയിക്കാമോ?

**<u>മറുപടി:</u>** 401-ാം നമ്പർ മുറിയിൽ രജിസ്ട്രേഷൻ മാത്രമാക്കിയതിനാൽ വാർഡുകളിൽ അഡ്മിറ്റ് ആയിക്കിടക്കുന്ന രോഗികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതിനു പകരം സൗകര്യപ്രദമാകുന്ന മാറ്റമാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ ഈ സംവിധാനം തുടരുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. രോഗികളുടെ ക്ഷേമമാണ് ആശുപത്രിയുടെയും സർക്കാരിന്റെയും പ്രഥമ ലക്ഷ്യം.

**സെക്ഷൻ ഓഫീസർ**